ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ):

(എ) പുതിയ നികുതികൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച പഠനമൊന്നും നടത്തിയിട്ടില്ല.

(ബി) നികുതിഘടന ലളിതവും സരളവുമാക്കാനുതകുന്നതരത്തിൽ മൂല്യവർദ്ധിത നികുതി സമ്പ്രദായം നടപ്പിലാക്കാനുള്ള മാർഗ്ഗങ്ങൾ പരിഗണിച്ചു വരുന്നുണ്ട്.

(സി) വിവാഹങ്ങളോടനുബന്ധിച്ചുള്ള ആഡംബരങ്ങൾക്ക് നികുതി ചുമത്തുന്നതിനെ സംബന്ധിച്ച് ഇതുവരെ തീരുമാനം ഒന്നും എടുത്തിട്ടില്ല.

(ഡി) വിവിധതലത്തിൽ ഇത് ചർച്ചാവിഷയമാക്കിയിട്ടുണ്ട്.

കുടിവെള്ള പൈപ്പിലെ ചോർച്ച തടയുന്നതിന് നടപടി

*5[35] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധജലവിതരണത്തിനുള്ള പൈപ്പ് ലൈനുകളിൽ ചോർച്ചയും പൊട്ടലും ഉണ്ടാകുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) കുടിവെള്ള പൈപ്പിലെ ചോർച്ച യഥാസമയം പരിഹരിക്കുന്നില്ലെന്നും ഒരേഭാഗത്തുതന്നെ ചോർച്ച ആവർത്തിക്കുന്നുവെന്നുമുള്ള പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ചില പ്രത്യേക മേഖലകളിൽ പൈപ്പ് പൊട്ടലും ചോർച്ചയും ആവർത്തിക്കുന്നത് ഒഴിവാക്കാൻ സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ഡി) പൈപ്പ് ലൈൻ ചോർച്ചയെ സംബന്ധിച്ച പൊതുജനങ്ങളുടേയും ജനപ്രതിനിധികളുടേയും പരാതികൾ പരിഹരിക്കാൻ എന്ത് സംവിധാനമാണ് നിലവിലുള്ളത്;

(ഇ) ഈ സംവിധാനത്തിന്റെ പ്രവർത്തനം ഉയർന്നതലത്തിൽ വിലയിരുത്തപെടാറുണ്ടോ;

(എഫ്) റിപ്പയറിംഗിനും മെയിന്റനൻസിനും ഉപയോഗിക്കുന്ന പൈപ്പുകളുടേയും ഇതര വസ്തുക്കളുടേയും ഗുണനിലവാരം ഉറപ്പുവരുത്താൻ സംവിധാനമുണ്ടോ;

(ജി) പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനും ശുദ്ധജല ലഭ്യത കഴിയുംവേഗം ഉറപ്പുവരുത്തുന്നതിനും കൂടുതൽ കാര്യക്ഷമമായ നടപടികൾ കൈക്കൊള്ളുമോ?

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): (എ) പൈപ്പുകളുടെ കാലപ്പഴക്കംകൊണ്ടും, പൈപ്പുകളുടെ ജോയിന്റുകളിലുള്ള റബ്ബർ റിംഗുകളുടെ തേയ്മാനംകൊണ്ടും ലൈനുകളിൽ ചോർച്ച ഉണ്ടാകാറുണ്ട്. കൂടാതെ വൈദ്യുതി തടസ്സം മൂലം പൈപ്പ്ലൈനുകളിൽ ഇടയ്ക്കിടെ പമ്പിംഗ് തടസ്സപ്പെടുന്നതു മൂലമുണ്ടാകുന്ന വായുസമ്മർദ്ദത്തിലെ വ്യതിയാനം കൊണ്ടും പൈപ്പ് പൊട്ടുന്നു. ഇതിനുപുറമെ നഗരവികസനത്തിന്റെ ഭാഗമായി റോഡുകൾ വീതികൂട്ടുന്ന അവസരത്തിൽ റോഡിന്റെ വശങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന പൈപ്പുകൾ റോഡിന്റെ മദ്ധ്യത്തിൽ ആകുന്നു. ഈ പൈപ്പുകളിൽ ഭാരം കയറ്റിയ വാഹനങ്ങളുടെ മർദ്ദം മൂലവും ചോർച്ച ഉണ്ടാകുന്നുണ്ട്.

(ബി) ഉണ്ട്.

(സി) കാലപ്പഴക്കംചെന്ന പൈപ്പുകളിൽ ചോർച്ച ആവർത്തിക്കുന്നത് ഒഴിവാക്കാൻ ഈ പൈപ്പുകൾ ഘട്ടംഘട്ടമായി മാറ്റാനുള്ള നടപടി സ്വീകരിച്ചു വരുന്നു. ജലമർദ്ദത്തിന്റെ അളവ് കണക്കാക്കി ഉയർന്ന ക്ലാസ് പൈപ്പും ജോയിന്റ് മെറ്റീരിയൽസും വാട്ടർ ഹാമർ കൺട്രോൾ ഉപകരണങ്ങളും ഘടിപ്പിക്കാറുണ്ട്.

(ഡി) പരാതികൾ ഉടനെ പരിഹരിക്കുന്നതിനായി 'ഹെൽപ്പ് ലൈൻ' സംവിധാനം എല്ലാ ജില്ലകളിലും തുടങ്ങുവാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ജപ്പാൻ സഹായത്തോടെ നടപ്പാക്കുന്ന ശുദ്ധജലവിതരണ പദ്ധതിയുടെ ഭാഗമായി ആധുനിക പരിഹാര സംവിധാനങ്ങൾ ജല അതോറിറ്റിയുടെ പ്രധാന ശുദ്ധജല വിതരണ പദ്ധതികളിൽ നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ആദ്യം പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം ശുദ്ധജലവിതരണ പദ്ധതി പ്രദേശത്ത് കമ്പ്യൂട്ടർവൽകൃത പരാതി പരിഹാര സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഉണ്ട്.

(എഫ്) ഉണ്ട്.

(ജി) ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

ഡാമുകളുടെ അറ്റകുറ്റപ്പണികൾക്ക് സംവിധാനം

*6 [36] ശ്രീ. പി. കെ. അബ്ദുറബ്ബ്:
" സി. മമ്മൂട്ടി:
" കെ. എൻ. എ. ഖാദർ:
" സി. മോയിൻകുട്ടി:
" നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചനത്തിനുവേണ്ടി നിർമ്മിച്ചിട്ടുള്ള ഡാമുകളുടെ അറ്റകുറ്റപണികൾക്ക് സംവിധാനമേർപ്പെടുത്തിയിട്ടുണ്ടോ;

(ബി) കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ ചോർച്ച അനുഭവപ്പെടുന്ന ഡാമുകൾ ഉണ്ടോ; എങ്കിൽ ഏതെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly